വി. ഇ. ഒ. - മാരെ റഗുലറൈസ് ചെയ്യുന്നതിനുള്ള മാനദണ്ഡം

143 [1976] *ശ്രീ. എ. എ. അസീസ്:*

" കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-2 തസ്തികയിൽ ജോലി നോക്കുന്ന ഉദ്യോഗസ്ഥരെ റഗുലറൈസ് ചെയ്യുന്നതിനുള്ള മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) 2000 ജനുവരി 1-ാം തീയതിക്കുശേഷം ഗ്രാമവികസന വകുപ്പിൽ വി.ഇ.ഒ. ഗ്രേഡ്-2 ആയി കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ എത്ര ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇവരിൽ എത്ര പേർ സർവ്വീസിൽ പ്രവേശിച്ചിട്ടുണ്ടെന്നും ഓരോരുത്തരുടേയും പ്രവേശന തീയതി എന്നാണെന്നും വ്യക്തമാക്കുന്ന രണ്ട് ജില്ലകളിലേയും ലിസ്റ്റ് വ്യക്തമാക്കുമോ;

(ഡി) ഇവരിൽ എത്ര പേരുടെ സർവ്വീസ് റഗുലറൈസ് ചെയ്തിട്ടുണ്ടെന്നും റഗുലറൈസ് ചെയ്ത തീയതി എന്നാണെന്നുമുള്ള ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഏതൊക്കെ ഉദ്യോഗസ്ഥരെയാണ് നാളിതുവരെ റഗുലറൈസ് ചെയ്യാത്തതെന്നും അതിനുള്ള കാലതാമസം എന്താണെന്നും വ്യക്തമാക്കുമോ:

(എഫ്) വി. ഇ. ഒ.-മാരെ റഗുലറൈസ് ചെയ്യുന്ന നടപടി ത്വരിതപ്പെടുത്തുമോ?

ഉത്തരം

(എ) — (എഫ്) വിവരം ശേഖരിച്ചുവരുന്നു.

കേന്ദ്രസഹായവും ഗ്രാമവികസനവും

144 [1977] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം ഗ്രാമവികസന വകുപ്പിന് വിവിധയിനത്തിൽ കേന്ദ്രഗവൺമെന്റിൽനിന്നും ലഭിച്ചിട്ടുള്ള തുക എന്തെല്ലാം പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പാവപ്പെട്ടവരുടെ വാസയോഗ്യമല്ലാത്ത വീടുകൾ പുനർനിർമ്മിച്ചു നൽകുവാൻ എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ചുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) തൊഴിൽരഹിതർക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; ഇതിന് കേന്ദ്ര ഗ്രാമവികസന വകുപ്പിൽ നിന്ന് എന്തെങ്കിലും ധനസഹായം അനുവദിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം വിവിധ ഗ്രാമവികസന പരിപാടികൾക്കായി കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ചിട്ടുള്ള തുക താഴെ പറയുന്ന പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്:

(i) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കായുള്ള സ്വയം തൊഴിൽ പദ്ധതിയായ സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന നടപ്പിലാക്കുന്നതിനും ഈ പദ്ധതി പ്രകാരം അനുവദിച്ച സ്പെഷ്യൽ പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനും.

(ii) ഗ്രാമീണർക്ക് അധിക തൊഴിലും ഗ്രാമ പ്രദേശങ്ങളിൽ അടിസ്ഥാന സൗകര്യ വികസനവും ലക്ഷ്യമിട്ടുകൊണ്ടുള്ള തൊഴിലുറപ്പ് പദ്ധതി, ജവഹർ ഗ്രാമസമൃദ്ധി യോജന, സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന എന്നിവ നടപ്പിലാക്കുന്നതിന്.

(iii) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും ഭവന നിർമ്മാണ സഹായം ലഭ്യമാക്കുന്ന ഇന്ദിരാ ആവാസ് യോജന നടപ്പിലാക്കുന്നതിന്.

(iv) ഗ്രാമപ്രദേശങ്ങളിൽ ശുചിത്വാരോഗ്യ പരിപാടികൾ മെച്ചപ്പെടുത്തുന്നതിനുള്ള സമ്പൂർണ്ണ ശുചിത്വ യജ്ഞം നടപ്പിലാക്കുന്നതിന്.

(v) ഗ്രാമ പ്രദേശങ്ങളിലെ തരിശുഭൂമി വികസിപ്പിക്കുന്നതിനായി ഗ്രാമീണ തരിശുഭൂമി വികസന പരിപാടി, ഹരിയാലി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന്.

(vi) ഒറ്റപ്പെട്ട സങ്കേതങ്ങളേയും പ്രദേശങ്ങളേയും പ്രധാന റോഡുമായി ബന്ധിപ്പിക്കുന്ന പ്രധാനമന്ത്രിയുടെ ഗ്രാമീണ സഡക് യോജന പദ്ധതി നടപ്പിലാക്കുന്നതിന്.

(vii) വയനാട് ജില്ലയിൽ നാഷണൽ ഫുഡ് ഫോർ വർക്ക് പ്രോഗ്രാം നടപ്പിലാക്കുന്നതിന്.

(viii) ഡി.ആർ.ഡി.എ.-കളുടെ ഭരണച്ചെലവുകൾ വഹിക്കുന്നതിന്.

(ix) സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡവലപ്പ്മെന്റ്, എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററുകൾ എന്നിവയുടെ പ്രവർത്തനങ്ങൾക്ക്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഇന്ദിര ആവാസ് യോജന പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള പട്ടികജാതി/പട്ടികവർഗ്ഗക്കാർക്കും ഇതര സമുദായങ്ങളിൽപ്പെട്ടവർക്കും പുതിയ വീടുകൾ നിർമ്മിക്കുന്നതിന് സഹായം നൽകി

LIBRARY ARCHIVES Kerala Legislative Assembly

വരുന്നു. കൂടാതെ ഈ പദ്ധതി പ്രകാരം ഓരോ വർഷവും വരിക്കുന്ന വിഹിതത്തിന്റെ 20 ശതമാനം വരെ പാവപ്പെട്ടവരുടെ നിലവിലുള്ള വാസയോഗ്യ മല്ലാത്ത വീടുകളുടെ പുനരുദ്ധാരണത്തിനോ, ക്രെഡിറ്റ് കം സബ്സിഡി ഭവന നിർമ്മാണ പദ്ധതിക്കോ ചെലവഴിക്കാവുന്നതാണ്. ഇത് ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ്. നടപ്പ് വർഷവും ഈ പദ്ധതി നടപ്പിലാക്കി വരുന്നു.

(സി) ഗ്രാമീണ സ്വയംതൊഴിൽ പദ്ധതിയായ സ്വർണ്ണ ജയന്തി ഗ്രാമ സ്വരോസ്ഗാർ യോജന 1999-2000 സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്നു. ഇത് ഇപ്പോഴും തുടർന്നു വരുന്നു. ഈ പദ്ധതിയുടെ 75% കേന്ദ്രവിഹിതമായി ലഭിച്ചിട്ടുണ്ട്.

ഗ്രാമവികസന വകുപ്പിന്റെ ഇടുക്കി ജില്ലയിലെ വികസന പദ്ധതികൾ

145 [1978] *ശ്രീ. ഇ. എം. അഗസ്തി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗ്രാമ വികസന വകുപ്പിൽ നിന്നും ഇടുക്കി ജില്ലയിൽ എന്തെല്ലാം വികസന പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ പൂർത്തീകരിച്ചവ ഏതെല്ലാമെന്നും ഇനി പൂർത്തീകരിക്കാനുള്ളവ ഏതെല്ലാമെന്നും വ്യക്തമാക്കാമോ;

(സി) ഇനി തുടങ്ങുവാനുള്ള പദ്ധതികൾ ഏതെല്ലാമെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ;

(ഡി) ഓരോ ഇനത്തിലും, എത്ര രൂപ വീതം ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ;

(ഇ) ഇതു സംബന്ധിച്ചുള്ള ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) 2001-2002 മുതൽ 2005 ജൂൺ വരെ ഇടുക്കി ജില്ലയിൽ ഗ്രാമവികസന വകുപ്പുമുഖേന നടപ്പിലാക്കിയ വിവിധ കേന്ദ്രാവിഷ്കൃത ഗ്രാമവികസന പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു †.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ഇടുക്കി ജില്ലയിലെ തൊടുപുഴ പട്ടണത്തിന് ചുറ്റുമുള്ള ഗ്രാമീണ മേഖലയിൽ റോഡ്, ആരോഗ്യം, ടെലികമ്മ്യൂണിക്കേഷൻ, വിദ്യാഭ്യാസം തുടങ്ങിയ സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ള "പുര" എന്ന പദ്ധതി

† അനുബന്ധം XV.

LIBRARY ARCHIVES Kerala Legislative Assembly